## പ്ലാനിംഗ് ബോർഡിലെ ജോയിൻറ് ഡയറക്ടർമാരുടെ സെലക്ഷൻ ഗ്രേഡ്

1093. [1618] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ശമ്പള പരിഷ്ക്കരണ ഉത്തരവിൽ സംസ്ഥാന പ്ലാനിംഗ് ബോർഡിലെ 4 ജോയിൻറ് ഡയറക്ടർമാർക്ക് സെലക്ഷൻ ഗ്രേഡ് അനുവദിച്ചിരുന്നത് ഇന്നതുവരെ നടപ്പിലാക്കിയിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശമ്പള പരിഷ്ക്കരണ ഉത്തരവിലെ പ്രസ്തുത കാര്യം പ്ലാനിംഗ് ബോർഡിൽ നടപ്പാക്കാത്തതിന് പ്രത്യേകിച്ച് കാരണങ്ങളും എന്തെങ്കിലും ഉണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

(സി) പ്രസ്തുത ശുപാർശ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പാക്കുന്നതിനാവശ്യമായ ചട്ടങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻറെ പരിഗണനയ്ക്കായി അയച്ചിരിക്കുകയാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ബുള്ളറ്റിൻ പ്രൂഫ് ജാക്കറ്റുകൾ

1094. [1619] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കേന്ദ്രം സംസ്ഥാനത്തോട് ബുള്ളറ്റിൻ പ്രൂഫ് ജാക്കറ്റുകൾ ആവശ്യമുണ്ടോ എന്ന് ആരാഞ്ഞിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് മന്ത്രിമാർക്കോ മറ്റ് വി. ഐ. പി. മാർക്കോ ഇത്തരത്തിലുള്ള ജാക്കറ്റുകൾ ആവശ്യമുണ്ടെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ ;

(സി) ഇത് ഒരെണ്ണത്തിന് എന്ത് വില വരും ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ കരുതുന്നില്ല.

(സി) ഏകദേശം 7, 000 രൂപ.

## ബാലകൃഷ്ണൻറെ മരണം

1095. [1626] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയം മറുപടി നൽകുമോ :

(എ) 1986 ആഗസ്റ്റ് 22-ാം തീയതി കാസർഗോഡ് ബാലകൃഷ്ണൻറെ മരണം സംബന്ധിച്ച് പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly